**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 113** **10-10-2024 - ൽ മറുപടിയ്ക്ക്**

**മലയോരമേഖലയുടെ വിനോദസഞ്ചാരസാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മലയോര ടൂറിസം മേഖലയെക്കുറിച്ച് പഠനം നടത്തണമെന്ന ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മലയോര ടൂറിസം മേഖലയെക്കുറിച്ച് പഠനം നടത്തണമെന്ന ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജില്ലാ ഭരണകൂടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് സംസ്ഥാനത്തെ എല്ലാ ഹിൽ സ്റ്റേഷൻ ഡെസ്റ്റിനേഷനുകളിലേയും കാരിയിങ്ങ് കപ്പാസിറ്റി അസസ്മെന്റ് നടത്തി സമഗ്ര റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനത്ത് 18 ഇക്കോടൂറിസം ഡെസ്റ്റിനേഷനുകളിൽ വനം വന്യജീവി വകുപ്പ് കാരിയിങ്ങ് കപ്പാസിറ്റി പഠനം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>കേരളത്തിൽ എത്തുന്ന ഓവർ നൈറ്റ് ആഭ്യന്തര വിദേശ ടൂറിസ്റ്റ് സന്ദർശകർ 5 ലക്ഷത്തിൽ കൂടുതൽ എത്തുന്ന, 4 ജനപ്രിയ ഹിൽ സ്റ്റേഷൻ ഡെസ്റ്റിനേഷനുകളുടെ കാരിയിംഗ് കപ്പാസിറ്റി പഠനം 2023-ൽ വകുപ്പ് നടത്തിയിട്ടുണ്ട്. അതിനോടൊപ്പം ഈ ഡെസ്റ്റിനേഷനുകളിൽ ലഭ്യമായ താമസ സൗകര്യങ്ങളുടെ വിവരങ്ങളും വകുപ്പ് ശേഖരിച്ചിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതി നിർദ്ദേശം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹിൽ സ്റ്റേഷൻ ഡെസ്റ്റിനേഷനുകളിലെ നിയമാനുസൃതമായ താമസസൗകര്യങ്ങളുടെ വിവരം ലഭ്യമാക്കുന്നതിന് സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.<br><br>വകുപ്പിന്റെ കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിലെ കാരിയിങ്ങ് കപ്പാസിറ്റി പഠനം അനിവാര്യമാണെന്ന് കണ്ടതിനാൽ ഇതിന് അനുയോജ്യരായ ഏജൻസികളെ കണ്ടെത്താൻ കേരള ടൂറിസം |

| | | | |
|---|---|---|---|
| | | | ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വിനോദസഞ്ചാര പ്രവർത്തനങ്ങൾ ഓരോ പ്രദേശത്തിന്റെ ആവാസവ്യവസ്ഥയെയും ജനങ്ങളുടെ സുരക്ഷിതത്വത്തെയും എങ്ങനെ ബാധിക്കുന്നുവെന്നത് സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തുമോയെന്നു വിശദമാക്കുമോ; | (ബി) | ഓരോ പ്രദേശത്തിന്റേയും ഭൂപ്രകൃതിയ്ക്കും ആവാസ വ്യവസ്ഥയ്ക്കും അനുസരിച്ചുള്ള പദ്ധതികളാണ് ടൂറിസം വകുപ്പ് നടപ്പിലാക്കുന്നത്. ഇത്തരം പദ്ധതികൾ ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡിസൈൻ പോളിസിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമായ നിലയിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ടൂറിസം വകുപ്പ് ശ്രദ്ധിക്കാറുണ്ട്. ടൂറിസം കേന്ദ്രങ്ങൾ പരിസ്ഥിതി സൗഹൃദമായി പരിപാലിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു.<br><br>ഓരോ പ്രദേശങ്ങളിലും വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ നടത്തുന്നതിന് മുൻപ് വ്യത്യസ്ത വകുപ്പുകളുടെ അനുമതി പത്രങ്ങളും പ്രാദേശിക തലത്തിൽ ലഭ്യമായ വിവരങ്ങളും പരിശോധിച്ചാണ് നടപ്പിലാക്കുന്നത്. ആവശ്യമുള്ള ഘട്ടങ്ങളിൽ അതത് സ്ഥലത്തെ പ്രത്യേകതകൾ കണക്കിലെടുത്ത് പദ്ധതികളുടെ സുരക്ഷിതത്വവും ഫീസിബിലിറ്റിയും പരിശോധിക്കാൻ അനുയോജ്യമായ കമ്മിറ്റികളേയും നിശ്ചയിക്കാറുണ്ട്. |
| (സി) | മലയോരമേഖലയുടെ വിനോദസഞ്ചാര സാധ്യതകൾ പരിസ്ഥിതി സൗഹൃദമായി പ്രയോജനപ്പെടുത്തുന്ന രീതിയിൽ ഒരു കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ? | (സി) | (ബി) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ